ജാപ്പനീസ് ജീവിതത്തിൽ ഹിരോഹിതോ ചക്രവർത്തിക്കുള്ള സ്വാധീനം അകിഹിതോ രാജകുമാരന്, അദ്ദേഹം ജപ്പാനിലെ 'ക്രൈസാന്തെമം സിംഹാസന'ത്തിൽ ആരോഹണംചെയ്തശേഷവും, കൈവരുമെന്നു കരുതിക്കൂടാ. പേരമകൻ ഹീരോവിനു കയറിയിരിക്കാറാവുമ്പോഴേക്കു സിംഹാസനംതന്നെ അവിടെ ഉണ്ടായിരിക്കുമോ? 'ജനതയുടെ ഐക്യത്തിന്റെയും ഭരണകൂടത്തിന്റെയും പ്രതീകം' മാത്രമായി, മററു കർത്തവ്യങ്ങളൊന്നും നിർവഹിക്കാനില്ലാതെ, ഒരു മഹാരാജ്യത്തിലെ ചക്രവർത്തിപട്ടം നിലനിൽക്കേണ്ടതുണ്ടോ? ജനാധിപത്യജപ്പാൻ ഇത്തരമൊരു 'ചുമ്മാപദവി' തുടർന്നു സംരക്ഷിക്കുമോ? ഈ ചോദ്യത്തിനു് ഇപ്പോൾ ഉത്തരമില്ല.

(26 ഫെബ്രുവരി, 1984)

# 21. സി. ഐ. എ. ചാരസംഘടന

'സെൻട്രൽ ഇൻറലിജൻസ് ഏജൻസി' (സി. ഐ. എ.) എന്ന അമേരിക്കൻ കേന്ദ്രചാരസംഘടനയെപ്പററി കേൾക്കാത്തവർ ചുരുക്കമായിരിക്കും. 'അമേരിക്കയുടെ ദേശീയ സുരക്ഷാതാല്പര്യങ്ങൾക്കു് അനുകൂലമായി അന്താരാഷ്ട്ര സംഭവങ്ങളെ രൂപാന്തരപ്പെടുത്തുക'യാണു് ഈ ചാരസംഘടനയുടെ മുഖ്യമായ പ്രഖ്യാപിതോദ്ദേശ്യം. സാധാരണക്കാർക്കു മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞാൽ, അതതു കാലത്തെ അമേരിക്കൻസർക്കാരിനു് ഇഷ്ടമില്ലാത്ത വിദേശഭരണകൂടങ്ങളെ അട്ടിമറിക്കുകയും, ഇഷ്ടമുള്ള വിദേശഭരണകൂടങ്ങളെ ഊന്നു കൊടുത്തു താങ്ങിനിർത്തുകയുംതന്നെ.

ഈ ചാരസംഘടനയിൽ എത്ര ശമ്പളക്കാർ ഉണ്ടെന്നോ ഇവരെല്ലാം കൂടി ആണ്ടിൽ എത്ര കോടി ഡോളർ ചെലവുചെയ്യുന്നുണ്ടെന്നോ വ്യക്തമായി അറിഞ്ഞുകൂടാ. ഇക്കാര്യങ്ങളെല്ലാം പരമരഹസ്യമായാണു സൂക്ഷിക്കപ്പെടുന്നതു്. അമേരിക്കയിലെ പാർലമെൻറിനുതന്നെ ഈവക വിവരങ്ങൾ ശരിക്കു നൽകപ്പെടാറില്ല. അമേരിക്കൻ കോൺഗ്രസ്സിൽ കാലിഫോർണിയയിൽനിന്നുള്ള ഡെമോക്രാററിക് പാർട്ടി പ്രതിനിധിയും രഹസ്യവിവരങ്ങൾ സംബന്ധിച്ച സ്ഥിരം സെലക്ട് കമ്മററിയിൽ അംഗവുമായ നോർമൻ മിനെററ പറയുന്നു: 'ഞങ്ങൾ (പാർലമെൻറിലെ അംഗങ്ങൾ) കൂണുകൾ പോലെയാണു്; അവർ (ചാരവകുപ്പു് അധികൃതർ) ഞങ്ങളെ ഇരുട്ടിൽ ഇരുത്തി ചാണകം തീററുന്നു.' പാർലമെൻറ് അംഗങ്ങൾക്കുപോലും വിവരങ്ങൾ കിട്ടുന്നില്ലെങ്കിൽ സാധാരണ പൗരന്മാരുടെ കഥ പറയേണ്ടതില്ലല്ലോ.

കാർട്ടർ പ്രസിഡണ്ട് ആയിരുന്ന കാലത്തു് സി. ഐ. എ. ക്കു് അനുവദിച്ചിരുന്ന ഫണ്ടുകൾ വളരെ ചുരുക്കി; ആ ചാരസംഘടനയിലെ ഒട്ടേറെ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ടു. റെയ്ഗൻ പ്രസിഡണ്ട് ആയതോടെ വീണ്ടും സി. ഐ. എ. യുടെ ശുക്രദശ ആരംഭിച്ചു. ഇപ്പോൾ ആണ്ടുതോറും പതിനേഴ ശതമാനത്തിലേറെ സി. ഐ. എ. യുടെ ഫണ്ടുകൾ വർദ്ധിപ്പിച്ചുവരികയാണത്രേ. പണ്ടു പിരിച്ചുവിട്ട ആയിരക്കണക്കിനു ശമ്പളക്കാരെ തിരിച്ചെടുത്തിട്ടുമുണ്ടു്. വില്യം കേസി എന്ന, കോടീശ്വരനും കിഴവനുമായ (70 വയസ്സ്) ഒരു 'നികുതി വക്കീൽ' ആണു് ഈ ചാരസംഘടനയുടെ ഇപ്പോഴത്തെ ഡയറക്ടർ. കേസിക്കു് കാബിനററ് റാങ്ക് ഉണ്ടു്. ആഴ്ചയിൽ രണ്ടു ദിവസം അയാൾ പ്രസിഡണ്ടിനെ കാണുന്നു; ആവശ്യമുള്ളപ്പോഴൊക്കെ പ്രസിഡണ്ടിനെ ടെലിഫോണിൽ

വിളിക്കുന്നു. പ്രസിഡണ്ടുമായുള്ള അടുപ്പംമൂലം കേസിക്ക് ചെയ്യാൻ പററാത്തതായി യാതൊന്നുമില്ല. ഫലം, അമേരിക്കൻ ചാരസംഘടനയുടെ ആഗോളപ്രവർത്തനങ്ങൾ വളരെയധികം വർദ്ധിച്ചിരിക്കുന്നു.

ഒക്ടോബർ 10-ാം തീയതിയിലെ 'ന്യൂസ്‌വീക്ക്' വാരിക ഈ ചാരസംഘടനയെപ്പററി ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രതീക്ഷിക്കാവുന്നതുപോലെ, ഈ ലേഖനത്തിലും വ്യക്തമായ വസ്തുതകൾ കുറവാണ്. എങ്കിലും ഈ ചാരവലയത്തിന്റെ ലോകവ്യാപകമായ പ്രവർത്തനത്തെപ്പററി ഏതാണ്ടൊക്കെ മനസ്സിലാക്കാൻ ഈ ലേഖനം ഉപകരിക്കും.

അമ്പതു ലക്ഷം ഡോളർ മുതൽ എഴുപതു ലക്ഷം ഡോളർവരെ ഓരോ ആണ്ടിലും ചെലവു വരുന്നതോ, വിദേശ ഗവണ്മെൻറുകളെ അട്ടിമറിക്കാൻ ഉദ്ദേശിച്ചുള്ളതോ ആയ രഹസ്യപ്രവർത്തനങ്ങളെ 'പ്രധാന' (മേജർ) പ്രവർത്തനങ്ങളായി സി. ഐ. എ. കണക്കാക്കുന്നു. സി. ഐ. എ. ഇപ്പോൾ ഏറെറടുത്തു നടത്തിവരുന്ന പന്ത്രണ്ടോ, പതിന്നാലോ പ്രവർത്തനങ്ങളിൽ ഏഴോ എട്ടോ, എണ്ണം ഇത്തരം 'മേജർ' പ്രവർത്തനങ്ങളാണത്രേ.

ഇറാനിലെ ഖൊമൈനി ഭരണകൂടത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് ഇതിലൊന്ന്. അമേരിക്കയിലേക്കു മദ്ധ്യപൗരസ്ത്യ പ്രദേശത്തുനിന്നുള്ള എണ്ണയൊഴുക്കു തടയുവാൻ, വേണമെങ്കിൽ, ഖൊമൈനിക്കു കഴിയും. ഖൊമൈനിയുടെ നേതൃത്വത്തിൽ ഇറാനിലെ വിദ്യാർത്ഥികൾ ടെഹറാനിലെ അമേരിക്കൻ എംബസി അംഗങ്ങളെ തടങ്ങലിൽവച്ചു നാണംകെടുത്തിയതും, അവരെ രക്ഷപ്പെടുത്താൻ സി. ഐ. എ. നടത്തിയ വിമാനാക്രമണപരിപാടിയുടെ പരാജയവും, അമേരിക്കക്കാർ ഇനിയും മറന്നിട്ടില്ല. അതിനാൽ ഖൊമൈനിയെ അട്ടിമറിച്ച്, അമേരിക്ക പറഞ്ഞാൽ കേൾക്കുന്ന ഒരു പാവഭരണത്തെ ഇറാനിൽ പ്രതിഷ്ഠിച്ചേ മതിയാവൂ. ഇറാനിൽനിന്ന് അഭയാർത്ഥികളായി വന്ന് തുർക്കിയിൽ പാർക്കുന്ന വിമതന്മാരെയാണ് ഇതിനായി അമേരിക്കൻ ചാരന്മാർ മുഖ്യമായും ആശ്രയിക്കുന്നത്. ഈ വിമതന്മാരിൽ ചിലർ ഫ്രാൻസിലുമുണ്ട്. ഇറാനിൽ കടന്ന് അട്ടിമറികൾ നടത്തുക, അവിടെനിന്ന് വാർത്തകൾ ചോർത്തിയെടുക്കുക എന്നിവയാണു വിമതന്മാർ ഇപ്പോൾ മുഖ്യമായും നിർവഹിക്കുന്ന കൃത്യം. ഖൊമൈനി കൊല്ലപ്പെടുകയോ, തനിയെ മരിക്കുകയോചെയ്താൽ, ഇറാനിൽ രൂപവല്ക്കരിക്കപ്പെടുന്ന സർക്കാർ ഈ വിമതന്മാർക്കു സ്വാധീനമുള്ളതായിരിക്കുമെന്നാണ് അമേരിക്കയുടെ കണക്കുകൂട്ടൽ.

അഫ്ഘാനിസ്ഥാനാണ് അമേരിക്കൻ ചാരന്മാരുടെ മറെറാരു പ്രവർത്തനലക്ഷ്യം. ഈ പ്രവർത്തനങ്ങളുടെ കേന്ദ്രമാകട്ടെ പാക്കിസ്ഥാൻ ആകുന്നു. പാക്കിസ്ഥാനിൽ വന്നു പാർത്ത് അഫ്ഘാനിസ്ഥാനിൽ അട്ടിമറികൾ സംഘടിപ്പിക്കുന്ന ഒളിഭടന്മാർക്കു പരിശീലനവും ആയുധവും അമേരിക്ക നൽകുന്നു. പത്തു കോടി ഡോളർ വിലയുള്ള വെടിക്കോപ്പുകളാണത്രേ ആണ്ടുതോറും അവർക്ക് അമേരിക്ക കൊടുക്കുന്നത്. ഈ അഫ്ഘാൻ ഒളിപ്പോരാളികൾക്ക് പരസ്യമായി നല്കുന്ന പിന്തുണയുടെ പ്രതിഫലമായി പാക്കിസ്ഥാനിലെ സൈനികഭരണാധികാരി സിയാ ഉൾ ഹക്ക് ചാരവിമാനങ്ങളും മിസൈലുകളും ബോംബർ വിമാനങ്ങളും ഉൾപ്പെടെ കോടിക്കണക്കിനു ഡോളർ വിലവരുന്ന ആയുധസജ്ജീകരണങ്ങൾ അമേരിക്കയിൽനിന്ന് ഇതിനകം നേടിക്കഴിഞ്ഞിട്ടുണ്ട്. ഡൽഹിയിലെ തെരുവുകളിൽ ഒരു ലോറി ഓടിയാൽ, പാക്കിസ്ഥാൻ വ്യോമാതിർത്തിക്കു മുകളിൽ പറക്കുന്ന വിമാനങ്ങൾ അതു രേഖപ്പെടുത്തുമത്രേ. കറാച്ചിക്കടുത്ത് ഒരു കപ്പലിൽനിന്നു തൊടുത്തുവിട്ട

ഒരു മിസൈലിന്, വേണമെങ്കിൽ, ബോംബേ ആഴക്കടലിലെ എണ്ണ ഖനന സംവിധാനങ്ങളെ തകർത്തു തരിപ്പണമാക്കാനും കഴിയും.

ആഫ്രിക്കയിൽ അമേരിക്കയുടെ ഏററവും വലിയ ശത്രു ലിബിയയാണ്. ഏററവും വലിയ ബന്ധു ദക്ഷിണാഫ്രിക്കയും. ലിബിയയുൾപുറമേ എത്യോപ്യ, അംഗോള, സുഡാൻ എന്നീ സർക്കാരുകളോടും അമേരിക്കയ്ക്കു വിരോധമാണ്. സി. ഐ. എ.യുടെ അട്ടിമറിപ്രവർത്തനങ്ങൾ ഈ രാജ്യങ്ങളെയെല്ലാം നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാമുള്ള വിമത ഗ്രൂപ്പുകൾക്ക് ആയുധവും പണവും സാങ്കേതികസഹായവും സി. ഐ. എ. നല്കുന്നു.

വിയററ്നാമിനെ തകർക്കുന്നതിനുവേണ്ടി തായ്ലാൻഡിനെയും കമ്പൂച്ചിയയിലെ പോൾപോട്ട് സംഘത്തെയും സഹായിക്കുകയാണ് സി. ഐ. എ.യുടെ മറെറാരു മുഖ്യപരിപാടി. തെക്കൻ കൊറിയ, ജപ്പാൻ തുടങ്ങി പല രാജ്യങ്ങളിലും സോവ്യററ് റഷ്യയ്ക്കെതിരായ സി. ഐ. എ. യുടെ ചാരപ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചു നടക്കുന്നു. ഫിലിപ്പീൻസിലെ സ്വേച്ഛാധിപത്യത്തിൻെറ പിന്നിലുള്ള ശക്തിയും സി. ഐ. എ. അല്ലാതെ മറെറാന്നുമല്ല.

മദ്ധ്യ—അമേരിക്കയിൽ സി. ഐ. എ. പ്രവർത്തനം ഇപ്പോൾ വളരെയധികം ശക്തിപ്പെട്ടിട്ടുണ്ട്. ക്യൂബയാണ് അമേരിക്കൻ ഭൂഖണ്ഡത്തിൽ ഐക്യരാജ്യങ്ങൾക്ക് ഏററവും പ്രബലനായ ശത്രു. ക്യൂബയെ തകർക്കുവാൻ സി. ഐ. എ. നടത്തിയ 'ബേ ഓഫ് പിഗ്' ആക്രമണം ദയനീയമായി പരാജയപ്പെട്ടു. ഇപ്പോൾ ക്യൂബയെ നേരിട്ട് ആക്രമിച്ചുകളയാമെന്ന വ്യാമോഹം സി. ഐ. എ.ക്കില്ല. എന്നാൽ, ലാററിൻ അമേരിക്കയിലെ ജനാധിപത്യ ഭരണകൂടങ്ങളെ മുഴുവൻ അട്ടിമറിക്കാനും, തങ്ങളുടെ കിങ്കരന്മാരായ ഏകാധിപതികളെ ആ രാജ്യങ്ങളിലെല്ലാം വാഴിക്കാനും കഴിയുമെന്നും, ഇതു് അമേരിക്കയുടെ സുരക്ഷയ്ക്കു് അനുപേക്ഷണീയമാണെന്നും സി. ഐ. എ. കരുതുന്നു. നിക്കരാഗ്വയിലെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സാൻഡിനിസ്റ്റ് ഗവണ്മെൻറിനെതിരായി ഏറെക്കുറെ തുറന്ന യുദ്ധംതന്നെ സി. ഐ. എ. പ്രഖ്യാപിച്ചിരിക്കുന്നു. തൊട്ടടുത്തുള്ള എൽസാൽവദോറിൽ, അധികാരത്തിലിരിക്കുന്ന ഏകാധിപത്യ ഗവണ്മെൻറിനെ സംരക്ഷിക്കാൻവേണ്ടി, അതിനെ അട്ടിമറിക്കാൻ പൊരുതുന്ന ഒളിപ്പടയാളിസംഘടനകളെ വെടിവച്ചും ബോംബിട്ടും തകർക്കുന്നതും സി. ഐ. എ.യുടെ പ്രഖ്യാപിത പരിപാടിയാണ്. അമേരിക്കൻ പട്ടാള ഉദ്യോഗസ്ഥന്മാർ, പരിശീലകരെന്ന പേരിൽ ഇവിടെ നേരിട്ടു പൊരുതുന്നു. ലാററിൻ അമേരിക്കയിലെ എല്ലാ പട്ടാള പിൻതിരിപ്പൻ—ഭരണകൂടങ്ങൾക്കും സി. ഐ. എ.യുടെ സംരക്ഷണം ലഭിച്ചുവരുന്നു.

ഇന്ത്യയിൽ സി. ഐ. എ. യുടെ റോൾ എന്താണ്? 'ന്യൂസ് വീക്ക്'' ലേഖനത്തിൽ അതിനെപ്പററി പറഞ്ഞു കാണുന്നില്ല. എന്നാൽ, ആസാം, പഞ്ചാബ് എന്നിവിടങ്ങളിലെ പ്രക്ഷോഭണങ്ങളിൽ സി. ഐ. എ.യുടെ കൈയുള്ളതായി പലരും പറയുന്നുണ്ട്: പ്രത്യേകിച്ചും, പഞ്ചാബിൽ ഒരു സ്വതന്ത്ര സിക്ക് രാജ്യം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അമേരിക്ക തുറന്ന പിൻതുണ നൽകുന്നു. ഇന്ത്യയിലെ ഭരണസ്ഥിരത നശിപ്പിക്കുന്നതിൽ വിദേശശക്തികൾക്കുള്ള താല്പര്യത്തെപ്പററി ശ്രീമതി ഇന്ദിരാഗാന്ധി കൂടെക്കൂടെ നടത്തുന്ന പ്രസ്താവനകളിൽ, വളരെ വലിയ അളവിൽ സത്യം അടങ്ങിയിരിക്കാൻ സാദ്ധ്യതയുണ്ട്.

തങ്ങൾക്ക് ഇഷ്ടമില്ലാത്ത സർക്കാരിനെ അട്ടിമറിക്കുക എന്നതിനോടൊപ്പം വേറെ രണ്ടു ചുമതലകൾകൂടി സി. ഐ. എ. ഇപ്പോൾ

ഏറ്റെടുത്തിട്ടുണ്ട്. പാക്കിസ്ഥാൻമുതൽ ടർക്കിവരെ നീണ്ടുകിടക്കുന്ന 'സ്വർണക്കല' (ഗോൾഡൻ ക്രെസൻറ്) എന്ന ഭൂപ്രദേശത്തും ബർമ മുതൽ വിയററ്നാംവരെയും മലയവരെയുമുള്ള 'സ്വർണത്രികോണം' (ഗോൾഡൻ ട്രയാംഗിൾ) എന്ന ഭൂപ്രദേശത്തും വലിയ തോതിൽ കറുപ്പ് (അവീൻ) ഉല്പാദിപ്പിക്കുന്നുണ്ട്. ഇതു് സംസ്കരിച്ച് പല പേരുള്ള മയക്കമരുന്നുകളാക്കി അമേരിക്കയിലേക്കു കയററി അയയ്ക്കുന്നു. അമേരിക്കൻ ജനതയുടെ മുമ്പിൽ ഇന്നുള്ള ഏററവും വലിയ ഭീഷണി കമ്യൂണിസമല്ല, ഈ മയക്കമരുന്നുവ്യാപാരമാണ് എന്നു പലരും കരുതുന്നു. ഈ വ്യാപാരത്തെ തടയുകയാണ്, ആഭ്യന്തരമായി സി. ഐ. എ. ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ഒരു ചുമതല.

പക്ഷേ, ഇതിനൊരു തടസ്സമുണ്ട്. 'ന്യൂസ്‌വീക്ക്' എഴുതുന്നു. ഇറാനും അഫ്ഘാനിസ്ഥാനുംപോലെയുള്ള 'അടഞ്ഞ', രാജ്യങ്ങളിൽ നിന്നു പട്ടാളം, ഭരണം എന്നിവ സംബന്ധിച്ച മർമപ്രാധാന്യമുള്ള രഹസ്യങ്ങൾ ചോർത്തിയെടുക്കാൻ കഴിവുള്ള അതേ ആളുകൾതന്നെയാണ്, പലപ്പോഴും കയററുമതിചെയ്യുന്നതിലും വിദഗ്ധർ. അമേരിക്കയിൽ, മയക്കമരുന്നിനെതിരായ സർക്കാർവിഭാഗം സംശയിച്ചു പിടികൂടിയ പലരും സി. ഐ. എ. യുടെ പ്രമുഖ ശമ്പളക്കാരായിരുന്നു. അവരെ തൊട്ടുകളിച്ചുകൂടാ. സ്വന്തം രാജ്യത്തെ ഒററിക്കൊടുക്കുന്നതിനു മടിയില്ലാത്ത ചാരന്മാർക്കു മയക്കമരുന്നുകൾ അന്യനാടുകളിലേക്കു കടത്തുവാൻ സങ്കോചമുണ്ടാകുമോ? അതിനാൽ സി. ഐ എ.ക്കു പലപ്പോഴും 'മയക്കമരുന്നു രാജാ'ക്കന്മാരുടെ സംരക്ഷകരാവേണ്ടിവരുന്നു.

കമ്പ്യൂട്ടർപോലെയുള്ള 'ഹൈടെക്‌നോളജി' രംഗങ്ങളിലെ രഹസ്യങ്ങൾ റഷ്യയുടെ കൈയിലെത്താതെ നോക്കുകയാണ് സി. ഐ. എ.ക്കു് അമേരിക്കയ്ക്കകത്തു നൽകപ്പെട്ട മറെറാരു ചുമതല. ഇത്തരം രഹസ്യങ്ങൾക്കു യുദ്ധതന്ത്രപരമായി വളരെ പ്രാധാന്യമുണ്ട്. കാരണം, കമ്പ്യൂട്ടറുകൾ ഘടിപ്പിച്ച മിസൈലുകളാണ് ആററംബോംബുകളെ വഹിച്ചു നിശ്ചിത ലക്ഷ്യങ്ങളിൽ വീഴ്ത്തേണ്ടതു്. ഈ രംഗത്തു സി. ഐ. എ. പിടിമുറുക്കുന്നു എന്നതിനർത്ഥം, അമേരിക്കയിൽ തുറന്ന ശാസ്ത്രചർച്ചകളും, ശാസ്ത്രരംഗത്തിലെ ആദാനപ്രദാനങ്ങളും, ഇല്ലാതാവുന്നു എന്നതാണ്; സെനററർ മർക്കാത്തിയുടെ കാലഘട്ടത്തിലെന്നപോലെ അമേരിക്കൻ ശാസ്ത്രജ്ഞന്മാർ ഭീതിയുടേതായ ഒരന്തരീക്ഷത്തിൽ പുലരേണ്ടി വരുന്നു എന്നതും.

അതേതായാലും സി. ഐ. എ.യുടെ നീരാളിക്കൈകൾ ലോകത്തിലെ മിക്ക രാജ്യങ്ങളിലും നീണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം സി. ഐ. എ.യുടെ ലക്ഷ്യം എന്തെന്നു വ്യക്തമാണ്. ഇന്ത്യക്കെതിരെ പാക്കിസ്ഥാനെ ശക്തിപ്പെടുത്തുന്നതിനും ഇന്ത്യയെ എല്ലാ വിധത്തിലും ദുർബലമാക്കുന്നതിനും കിട്ടുന്ന ഒരവസരവും സി. ഐ. എ. വെറുതെ വിട്ടുകളയുകയില്ല. ഇതിനായി എത്ര ഡോളർ ചിലവു വന്നാലും അതു് അധികമാണെന്നു സി. ഐ. എ. ഡയറക്ടർ വില്യം കേസിയോ അമേരിക്കൻ പ്രസിഡണ്ട് റൊണാൾഡ് റേയ്ഗനോ കരുതുകയുമില്ല.

സി. ഐ. എ. ചാരന്മാരെ സൂക്ഷിച്ചിരിക്കുക. അവർ ഇവിടെ, നിങ്ങളുടെ ഇടയിൽത്തന്നെ ഉണ്ടായിക്കൂടെന്നില്ല.

(20 ഒക്ടോബർ, 1983)